**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 330** **23-07-2021 - ൽ മറുപടിയ്ക്ക്**

**ക്ഷേമ പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് തട്ടിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ടി. വി. ഇബ്രാഹിം ,<br>ഡോ. എം.കെ . മുനീർ ,<br>ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ . പി . ഉബൈദുള്ള | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | സംസ്ഥാനത്ത് പട്ടികജാതിവിഭാഗത്തിന്റെ ക്ഷേമ പ്രവർത്തനങ്ങൾക്കായുള്ള വിവാഹ സഹായം, പഠനമുറി, സ്കോളർഷിപ്പ് എന്നിവയ്ക്കുള്ള ഫണ്ട്എന്നിവ തട്ടിപ്പനടത്തുന്നതായ വിവരം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോയെന്നറിയിക്കാമോ; | (എ) | തിരുവനന്തപുരം നഗരസഭ പട്ടികജാതി വികസന ഓഫീസ് മുഖേന നടപ്പിലാക്കിയ വകുപ്പിന്റെ വിവാഹ ധനസഹായം, പഠനമുറി എന്നീ പദ്ധതികളിൽ ക്രമക്കേടുകൾ നടത്തിയിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത സംഭവങ്ങൾ എവിടെ നിന്നെല്ലാമാണ് റിപ്പോർട്ട് ചെയ്യപ്പെട്ടി രിക്കുന്നതെന്ന് വിശദമാക്കുമോ; | (ബി) | തിരുവനന്തപുരം നഗരസഭ പട്ടികജാതി വികസന ഓഫീസ്, പട്ടികജാതി വികസന ഡയറക്ടറേറ്റ് എന്നിവിടങ്ങളിലെ ഉദ്യോഗസ്ഥരാണ് ക്രമക്കേടുകൾ കണ്ടുപിടിച്ച് റിപ്പോർട്ട് ചെയ്തത്. |
| (സി) | ഇതുസംബന്ധിച്ച കുറ്റക്കാർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ? | (സി) | തിരുവനന്തപുരം നഗരസഭ പട്ടികജാതി വികസന ഓഫീസിൽ നടന്ന സാമ്പത്തിക ക്രമക്കേടുമായി ബന്ധപ്പെട്ട് പ്രഥമദൃഷ്ട്യാ കുറ്റക്കാരെന്ന് കണ്ടെത്തിയ ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്യുകയും ടി ഓഫീസിലെ എസ്.സി. പ്രൊമോട്ടർമാരായി സേവനമനുഷ്ഠിച്ചിരുന്ന രണ്ട് പേരെ സേവനത്തിൽ നിന്നും പിരിച്ചുവിടുകയും ചെയ്തിട്ടുണ്ട്. ടി ആളുകൾക്കെതിരെ പോലീസിൽ പരാതി നൽകി എഫ്.ഐ.ആർ രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. ആയതിനോടൊപ്പം 2016-19 കാലയളവിൽ ടി ഓഫീസിൽ മേലധികാരികളായിരുന്ന പട്ടികജാതി വികസന ഓഫീസർ ഗ്രേഡ്-1 ഉദ്യോഗസ്ഥരെയും സസ്പെന്റ് ചെയ്ത് ടിയാളുകൾക്കെതിരെ വകുപ്പുതല അന്വേഷണം തുടർന്നു വരുന്നു. |

സെക്ഷൻ ഓഫീസർ